പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 27/09/2016 ൽ
നിയമസഭാ ചോദ്യം നമ്പർ 51 മറുപടിക്ക്

**മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

ചോദ്യം

ശ്രീ.സി.കെ.ശശീന്ദ്രൻ
ശ്രീ.എസ്.ശർമ്മ
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.വി.അബ്ദുറഹിമാൻ

മറുപടി

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

എ) അഴിമതിയും കെടുകാര്യസ്ഥതയും മൂലം നഷ്ടത്തിലായ മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത സ്ഥാപനത്തെ പുരോഗതിയിലേയ്ക്ക് നയിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

ബി) സിമന്റ് ക്ഷാമം രൂക്ഷമായ സമയത്തുപോലും ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്ഥാപനത്തെ വികസനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞ സർക്കാർ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ) & ബി) മലബാർ സിമന്റ്സ് ലിമിറ്റഡ് തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്.

മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് സ്ഥാപനത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

കമ്പനിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടഞ്ഞു കിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് പാട്ടത്തിനെടുത്ത സ്ഥലത്ത് ക്ലിങ്കറും, സിമന്റും ഇറക്കുമതി ചെയ്ത് ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല അസംസ്കൃത വസ്തുക്കളുടെയും സ്പെയർ പാർട്സുകളുടെയും സംഭരണത്തിന് ഇ-ടെൻഡർ സംവിധാനവും കമ്പനിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

സി) അഴിമതിയ്ക്കും കെട്ടുകാര്യസ്ഥതയ്ക്കും കാരണക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

സി) കമ്പനിയുടെ പ്രവർത്തനങ്ങൾക്കെതിരെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. അന്വേഷണം പൂർത്തിയാകുന്നതനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ